**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണബാങ്ക് വായ്പ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. V. N. Vasavan (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ വായ്പ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും, തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ അനുവദനീയമായ പരമാവധി ഇളവുകൾ നൽകുന്നുണ്ട്. വായ്പക്കാർക്ക് അവരുടെ കട ബാദ്ധ്യതയിൽ നിന്നും പരമാവധി മോചനം നൽകുന്നതിനും ബാങ്കിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുമായി കേരള സംസ്ഥാന സഹകരണ ബാങ്കിലും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 32/2021 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി 2021 പ്രകാരം നിയമാനുസൃത ഇളവുകൾ, സാവകാശം എന്നിവ അനുവദിയ്ക്കുകയും ജപ്തി നടപടികൾ നിർത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിയുടെ ദുരിതകാലത്ത് വരുമാനമില്ലാതെ വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ പോയവർക്ക് കൂടുതൽ സമയം അനുവദിക്കുന്നതിനും പലിശയിൽ ഇളവുകൾ അനുവദിക്കുന്നതിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും, തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ അനുവദനീയമായ പരമാവധി ഇളവുകൾ നൽകുന്നുണ്ട്. വായ്പക്കാർക്ക് അവരുടെ കട ബാദ്ധ്യതയിൽ നിന്നും പരമാവധി മോചനം നൽകുന്നതിനും ബാങ്കിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുമായി കേരള സംസ്ഥാന സഹകരണ ബാങ്കിലും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 32/2021 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി 2021 പ്രകാരം |

| | | | |
|---|---|---|---|
| | | | നിയമാനുസൃത ഇളവുകൾ, സാവകാശം എന്നിവ അനുവദിയ്ക്കുകയും ജപ്തി നടപടികൾ നിർത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ